(1) നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫോറം

(2) ഒറിജിനൽ മരണ സർട്ടിഫിക്കറ്റ്

(ബി) കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികൾ അപകടത്തിൽ മരിച്ചാൽ മൃതദേഹം കണ്ടുകിട്ടിയില്ലെങ്കിൽ ഏഴ് വർഷം കഴിഞ്ഞ് മാത്രമാണ് അവരുടെ അവകാശികൾക്ക് ധനസഹായം നൽകിവന്നിരുന്നത്. ടി കാലതാമസം ഒഴിവാക്കുന്നതിനായി റവന്യൂ വകുപ്പ് 10-11-2014 തീയതിയിൽ പുറപ്പെടുവിച്ച 56020/ടി2/2014/റ.വ. നമ്പർ സർക്കുലർ പ്രകാരം, കടലിൽ മത്സ്യബന്ധത്തിനിടെ മത്സ്യത്തൊഴിലാളി അപകടംമൂലം കാണാതാവുമ്പോൾ പോലീസ് സ്റ്റേഷനിൽ ഫയൽ ചെയ്യുന്ന കേസ് പോലീസ് അന്വേഷിച്ച് നോൺ ട്രെയ്സബിൽ ആണെന്ന റിപ്പോർട്ടിന്റെയും വില്ലേജ് ഓഫീസറുടെ അന്വേഷണത്തിന്റെ അടിസ്ഥാനത്തിലും കളക്ടർ/ആർ.ഡി.ഒ.-യ്ക്ക് 'ആളെ കാൺമാനില്ല' എന്ന സർട്ടിഫിക്കറ്റ് നൽകുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും റവന്യൂ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കുടുംബാംഗങ്ങളിൽ നിന്നും ഇൻഡമിനിറ്റി ബോണ്ട് എഴുതിവാങ്ങി കാലതാമസം കൂടാതെ ധനസഹായം നൽകിവരുന്നു.

തവനൂർ മണ്ഡലത്തിലെ മത്സ്യഗ്രാമം പദ്ധതി

179 (2006) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി തവനൂർ മണ്ഡലത്തിലെ മംഗലം പഞ്ചായത്തിൽ പ്രവൃത്തി നടത്താൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത് എന്ന് തുക സഹിതം വിശദമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും, പ്രവൃത്തി എന്നത്തേക്ക് തുടങ്ങാൻ സാധിക്കുമെന്നും എന്ന് പൂർത്തിയാക്കാനും കഴിയുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തികവർഷത്തിൽ സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി തവനൂർ മണ്ഡലത്തിലെ മംഗലം പഞ്ചായത്തിലെ കൂട്ടായി മത്സ്യഗ്രാമത്തിൽ 1.98 കോടി രൂപയുടെ പദ്ധതികൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻമുഖേന നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

GPM. 2/240/2020-33

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംയോജിത മത്സ്യഗ്രാമ വികസനപദ്ധതിയിലുൾപ്പെടുത്തി തവനൂർ മണ്ഡലത്തിലെ മംഗലം പഞ്ചായത്തിലെ കൂട്ടായി മത്സ്യഗ്രാമത്തിൽ 1.98 കോടി രൂപയുടെ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു:

കടിവെള്ള പദ്ധതി	-	110.00	ലക്ഷം രൂപ
വൈദ്യുതീകരണം	-	302.24	ലക്ഷം രൂപ
ഹൈമാസ്റ്റ്ലൈറ്റ് സ്ഥാപിക്കൽ	-	16.00	ലക്ഷം രൂപ
ജീവനോപാധി സഹായം	-	41.60	ലക്ഷം രൂപ

(സി) പദ്ധതികളെല്ലാം ആരംഭിച്ചുകഴിഞ്ഞു. കടിവെള്ള .പദ്ധതി, വൈദ്യുതീകരണം, ഹൈമാസ്റ്റ്ലൈറ്റ് എന്നിവ കരാർ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് പൂർത്തീകരിക്കുന്നതാണ്. ജീവനോപാധി സഹായത്തിനുള്ള അർഹരായ ഗുണഭോക്താക്കളുടെ കരട് ലിസ്റ്റ് അതാത് മത്സ്യഭവൻ ഓഫീസുകളിൽ പരാതികളുണ്ടെങ്കിൽ സമർപ്പിക്കുന്നതിനായി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ക്രമ നമ്പർ	പദ്ധതിയുടെ പേര്	അടങ്കൽ തുക	പദ്ധതി പുരോഗതി
1	കൂട്ടായി മത്സ്യഗ്രാമം കുടിവെള്ള പദ്ധതി	110.00 ലക്ഷം രൂപ	വാട്ടർ അതോറിറ്റിയുമായി എഗ്രിമെന്റ് വച്ച് ഫണ്ട് കൈമാറി
2	വൈദ്യുതീകരണം	30.24 ലക്ഷം രൂപ	കെ.എസ്.ഇ.ബി. യുമായി എഗ്രിമെന്റ് വച്ച് ഫണ്ട് കൈമാറി
3	ഹൈമാസ്റ്റ് ലൈറ്റ്	16.00 ലക്ഷം രൂപ	ടെണ്ടർ പൂർത്തീകരിച്ചു
4	ജീവനോപാധി സഹായം	41.60 ലക്ഷം രൂപ	പദ്ധതി പുരോഗമിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly